പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2537 05/02/2018 ൽ മറുപടിക്ക്

## ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ശബരിമല തീർത്ഥാടകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ജി.എസ്.ജയലാൽ<br>,, എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടനക്കാലത്ത് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ലക്ഷകണക്കായ തീർത്ഥാടകർക്കായി സുരക്ഷിതമായ യാത്ര, ദർശനം, കുടിവെള്ളം, ശുചിയും വെടിപ്പുമുള്ള പ്രാഥമിക സൗകര്യത്തിനുള്ള സജ്ജീകരണങ്ങൾ എന്നിവയ്ക്കായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. പോലീസിന്റെയും മറ്റ് വകുപ്പുകളുടേയും ഏകോപനം ലക്ഷ്യമാക്കി ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ബഹു. മുഖ്യമന്ത്രിയുടേയും, ബഹു. ദേവസ്വം മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ വിവിധ യോഗങ്ങൾ ചേർന്ന് നല്കുകയുണ്ടായി. പമ്പയിലും സന്നിധാനത്തും ഉള്ള മെഡിക്കൽ സംവിധാനം ഹൃദ്രോഗ വിദഗ്ധർ ഉൾപ്പെടെ വിപുലപ്പെടുത്തുകയും ശക്തമാക്കുകയും ചെയ്തു. സന്നിധാനത്ത് മലിനജലം ശുദ്ധീകരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുകയും വാട്ടർ അതോറിറ്റി കുടിവെള്ളം നൽകുന്നതിന് ആർ. ഒ പ്ലാന്റ് ഉൾപ്പെടെയുള്ള കിയോസ്കുകൾ സ്ഥാപിക്കുകയും, ചുക്കുവെള്ളം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. 5000 പേർക്ക് ഒരേ സമയം |

| | | | |
|---|---|---|---|
| | | | ഭക്ഷണം കഴിക്കാൻ കഴിയുന്ന തരത്തിൽ അന്നദാന ഹാൾ, വിരിവയ്ക്കാൻ നടപ്പന്തൽ മുതലായവ ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നിർമ്മിച്ചു. ശബരിമല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വിപുല മായ പ്രചരണം നൽകുകയും, ഇരുമുടിക്കെട്ടടക്കം പ്ലാസ്റ്റിക് വിമുക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിവിധ ഭാഷകളിൽ റോഡരികിൽ ഡ്രൈവർമാർക്കായി ദിശാസൂചക ബോർഡുകൾ സ്ഥാപിക്കുകയും റോഡിന്റെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുകയും ചെയ്തിരുന്നു. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സേഫ് സോൺ ശബരിമല' പദ്ധതി നടപ്പിലാക്കി. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെറ്റൽ ഡിറ്റക്ടറുകൾ, സി.സീ റ്റി.വി ക്യാമറകൾ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. അയ്യപ്പ ഭക്തർക്കായി പരമ്പരാഗത പാതയിലും മറ്റിടങ്ങളിലും വിശ്രമത്തിനും മറ്റുമായി സൗകര്യങ്ങൾ ഒരുക്കി. ക്യൂ കോംപ്ലക്സ് നിർമ്മിക്കുകയും അയ്യപ്പഭക്തർമാരുടെ സന്നിധാനത്തിലേയ്ക്കുള്ള യാത്ര സുഗമമാക്കുകയും ചെയ്തു. ദർശന സമയം ദീർഘിപ്പിക്കുകയും അപ്പം അരവണ എന്നിവയ്ക്കായി കൂടുതൽ കൗണ്ടറുകൾ തുറക്കുകയും ചെയ്തു. |
| (ബി) | തീർത്ഥാടകരുടെ ഏകോപനത്തിനായി എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങളിലും | (ബി) | 13/11/2017 ന് ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത് ദക്ഷിണേന്ത്യൻ ദേവസ്വം മന്ത്രിമാരുടെയും |

| | | | |
|---|---|---|---|
| | പ്രത്യേക കൺട്രോൾ റൂം പ്രവർത്തിപ്പിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; | | ഉദ്യോഗസ്ഥരുടെയും യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങളിൽ കോർഡിനേഷൻ സെന്ററുകൾ തുറക്കുകയുണ്ടായി. |
| (സി) | ഇതര സംസ്ഥാന തീർത്ഥാടകരെ ബോധ വല്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ? | (സി) | ശബരിമല ഹരിതാഭമായും, വൃത്തിയായും പ്ലാസ്റ്റിക് വിമുക്തമായും സൂക്ഷിക്കുന്നതിനായി വിപുലമായ പ്രചരണ പരിപാടികളുടെ ഭാഗമായി നടൻ ശ്രീ. മോഹൻ ലാലിനെ ഉപയോഗിച്ച് സീ.ഡി തയ്യാറാക്കി വിവിധ തെന്നിന്ത്യൻ ഭാഷകളിൽ സന്ദേശം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ